(ബി) മരുന്നുകളുടെ വില വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ആശുപത്രികൾവഴി കൂടുതൽ മരുന്ന് നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ;

(സി) സർക്കാർ ആശുപത്രികൾവഴി മരുന്ന് നൽകുന്നതിനായി 1999 -2000 വർഷത്തിൽ എന്ത് തുകയാണ് മാറ്റിവച്ചിട്ടുള്ളത്?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) പണത്തിന്റെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മരുന്ന്, ഭക്ഷ്യവസ്തുക്കൾ, ഭക്ഷ്യേതര വസ്തുക്കൾ, ഡിസ്പോസിബിൾസ് എന്നിവയ്ക്കായി 64,41,22,000/- രൂപ (അറുപത്തിനാലു കോടി നാൽപ്പത്തി ഒന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ) നീക്കിവച്ചിട്ടുണ്ട്.

139 (765) മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യായവിലയ്ക്ക് മരുന്നുകൾ വിൽക്കുന്നതിനുള്ള മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനം താലൂക്ക് തലത്തിലും വ്യാപിപ്പിക്കുവാൻ നടപടി ഉണ്ടാകുമോ;

(സി) സാധാരണ ആവശ്യമുള്ള മരുന്നുകൾ മിതമായ വിലയ്ക്ക് ലഭ്യമാക്കാൻവേണ്ടി കൂടുതൽ സ്റ്റോക്ക് കരുതുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണമേഖലയിൽ എല്ലാ താലൂക്ക് ജില്ലാ ആസ്ഥാനങ്ങളിലും മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അതിൽ 53 എണ്ണം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അതുകൂടാതെ മെഡിക്കൽ കോളേജുകളിൽ പേയിംഗ് കൗണ്ടറുകളും സർക്കാർ ആശുപത്രികളിൽ ആശുപത്രി വികസന സമിതിയുടെ കീഴിൽ ന്യായവില മെഡിക്കൽ സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

(സി) ധനലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് സ്റ്റോക്ക് കരുതുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly